(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന തീവ്രവാദ സംഘടനകളുമായി ഇവർക്കുള്ള ബന്ധത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) തീവ്രവാദ സംഘടനകളുടെ പ്രവർത്തനം നിരീക്ഷിക്കുവാൻ വിമാന താവളങ്ങളിലും തീരപ്രദേശത്തും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) രാജ്യാന്തര ബന്ധമുള്ള തീവ്രവാദ സംഘടനയിൽപ്പെട്ട ആരെയെങ്കിലും കേരളത്തിലെ വിമാനത്താവളത്തിൽവച്ച് എമിഗ്രേഷൻ അധികൃതർ അറസ്റ്റ് ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) & (സി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) തീരപ്രദേശങ്ങളിൽ പ്രത്യേകം നിരീക്ഷണം നടത്തിവരുന്നുണ്ട്. എയർപോർട്ടുകളിൽ തീവ്രവാദി സംഘടനയിൽപ്പെട്ടവർ വരുന്നുണ്ടോ എന്നറിയാൻ കമ്പ്യൂട്ടറിൽ LOC (Look Out Circular) ചെക്ക് നടത്തിയും, പാസ്പോർട്ടും, മറ്റു യാത്രാ രേഖകളും, അൾട്രാവയലറ്റ് ലാമ്പ്, മാഗ്നിഫൈയിംഗ് ഗ്ലാസ് എന്നിവ ഉപയോഗിച്ച് സസൂക്ഷ്മം പരിശോധന നടത്താറുണ്ട്. സംസ്ഥാന പോലീസിനെ കൂടാതെ കേന്ദ്ര ഏജൻസികളും (ഐ.ബി., റോ) തീവ്രവാദ സംഘടനകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നുണ്ട്.

(ഇ) അറസ്റ്റു ചെയ്തിട്ടില്ല.

കശാപ്പുശാലകൾക്ക് ലൈസൻസ് ഉറപ്പുവരുത്താൻ നടപടി

135 [439] *ഡോ. എം. എ. കുട്ടപ്പൻ:*
ശ്രീ. ബി. വിജയകുമാർ:
,, *കെ. സുധാകരൻ:*
,, *എം. മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള എല്ലാ നഗരസഭകളിലും, പട്ടണങ്ങളിലും പഞ്ചായത്തുകളിലും മൃഗങ്ങളെ കശാപ്പുചെയ്യുന്നതിനുള്ള കശാപ്പുശാലകളുണ്ടോ;

(ബി) കശാപ്പുശാലകളില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങളിൽ കശാപ്പു ചെയ്യുന്നതിനുള്ള ലൈസൻസുള്ള പരിസരങ്ങളുണ്ടോ;

(സി) ഇവയൊന്നുമില്ലാത്ത തദ്ദേശഭരണസ്ഥാപനങ്ങളുടെ അതിർത്തിക്കുള്ളിൽ കശാപ്പുനടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കശാപ്പുശാലകളോ ലൈസൻസുള്ള പരിസരങ്ങളോ ഇല്ലാത്ത സ്ഥലങ്ങളിൽ നടത്തുന്ന കശാപ്പുകളും ഇറച്ചി വിൽപ്പനയും ശുചിത്വത്തോടുകൂടിയാണെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) കശാപ്പു ചെയ്ത മൃഗങ്ങളുടെ ഇറച്ചി പരസ്യമായി പ്രദർശിപ്പിക്കുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല. കാഞ്ഞങ്ങാട്, പയ്യന്നൂർ, ഒറ്റപ്പാലം, അങ്കമാലി, തലശ്ശേരി എന്നീ നഗരസഭകളിൽ താൽക്കാലിക സംവിധാനങ്ങളുണ്ട്.

(സി) ഉണ്ട്. അനധികൃത കശാപ്പുശാലകളിലെ കശാപ്പിനെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുന്നുണ്ട്.

(ഡി) അനധികൃത കശാപ്പുശാലകൾ പ്രോത്സാഹിപ്പിക്കാൻ കഴിയുന്നതല്ല. എന്നാൽ അംഗീകൃത കശാപ്പുശാലകളിലെ കശാപ്പുകളും ഇറച്ചി വിൽപ്പനയും ശുചിത്വത്തോടുകൂടിയാണെന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുന്നുണ്ട്.

(ഇ) പൊതുജനങ്ങൾക്ക് അറപ്പും വെറുപ്പും ഉളവാക്കുന്ന രീതിയിൽ മൃഗങ്ങളുടെ ഇറച്ചി പരസ്യമായി പ്രദർശിപ്പിക്കുന്നതിനെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റ്

136 [440] *ശ്രീ. വർക്കല കഹാർ:*

,, *എം. കെ. പോൾസൺ മാസ്റ്റർ:*

,, *ജോർജ് ജെ. മാത്യു:*

,, *കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളും ത്രിതല പഞ്ചായത്തുകളും അവയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ട തീയതിയെന്നാണ്; ഈ തീയതിയിൽ അവയുടെ കണക്ക് കൃത്യമായും സമർപ്പിക്കാറുണ്ടോ;

(ബി) അവയുടെ വാർഷിക കണക്ക് ഹാജരാക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ചു നൽകുന്നതിന് വ്യവസ്ഥയുണ്ടോ;

(സി) യഥാസമയം വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേരിൽ നടപടിയെടുക്കുവാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ അതനുസരിച്ച് ഇക്കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്ര തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുമേൽ നടപടിയെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly